**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** | **26-07-2021 - ൽ മറുപടിയ്ക്ക്**

**മാക്കേകടവ് - നേരെകടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച മാക്കേകടവ് - നേരെകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | മാക്കേകടവ്-നേരേക്കടവ് പാലത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുക മുഴുവനായി 2021 മാർച്ചിൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്കുള്ള റീഹാബിലി-റ്റേഷൻ പാക്കേജ് റവന്യൂ വകുപ്പിൽ അംഗീകരിക്കുന്നതിനുള്ള കാലതാമസം മൂലമാണ് സ്ഥലം ഏറ്റെടുക്കൽ വൈകുന്നത്. |
| (ബി) | പാതിവഴിയിൽ പ്രവർത്തനം നിലച്ച പ്രസ്തുത പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | റവന്യൂ വകുപ്പിൽ നിന്നും ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയാലുടൻ തന്നെ പാലം പ്രവൃത്തി പുനരാരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ